LIBRARY ARCHIVES Kerala Legislative Assembly

എന്നറിയപ്പെട്ടിരുന്ന പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ. 2008-2009-ൽ ആരംഭിച്ച ഈ പദ്ധതി 2016-17-നകം ഘട്ടം-ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2010-11, 2011-12 സാമ്പത്തിക വർഷം മുതൽ കേന്ദ്ര അംഗീകാരം ലഭിച്ച 200 ഗ്രാമപഞ്ചായത്തുകളും 28 ബ്ലോക്ക് പഞ്ചായത്തുകളും കൂടിയാകുമ്പോൾ കേരളത്തിൽ 400 ഗ്രാമപഞ്ചായത്തുകളും, 57 ബ്ലോക്ക് പഞ്ചായത്തുകളും ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. കൂടാതെ 2012-13-ൽ തെരഞ്ഞെടുത്ത 117 ഗ്രാമപഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ പദ്ധതി 1-4-2014 മുതൽ രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന് നാമകരണം ചെയ്ത് കേന്ദ്രകായികയുവജനകാര്യ കായിക മന്ത്രാലയം പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല അടിസ്ഥാന സൗകര്യവികസനത്തിനായി ഒരു സെന്ററിൽ 1.60 കോടി രൂപ (80 ലക്ഷം രൂപ വീതം) അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കുറഞ്ഞത് 6-7 ഏക്കർ കളിസ്ഥല സൗകര്യമുള്ള ബ്ലോക്ക് പഞ്ചായത്തുകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി കളിസ്ഥലത്തിന്റെ രേഖകളുടെ പകർപ്പുകൾ സഹിതം RGKA ബ്ലോക്ക് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം പരിഗണിക്കുന്നതിനായി ശിപാർശ ചെയ്യുന്നതാണ്.

ഒറ്റപ്പാലം ഫിലിം സിറ്റി

218 (T* 4553) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ഫിലിംസിറ്റി പദ്ധതിക്ക് 2011-12 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെത്ര ; ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതി പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(സി) പദ്ധതിയിൽ സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) പദ്ധതി നടത്തിപ്പിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്?

ഉത്തരം

(എ) ഒറ്റപ്പാലം ഫിലിം സിറ്റി പദ്ധതിക്ക് 2011-12 ബഡ്ജറ്റിൽ 50 ലക്ഷം രൂപയും, 2012-13 ബഡ്ജറ്റിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക ചെലവഴിക്കുന്നതിന് സാധിച്ചില്ല.

(ബി) ഇല്ല. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി 4-7-2014-ലെ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 289/2014/റവ. പ്രകാരം കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ചു. പ്രസ്തുത ഭൂമി കെ.എസ്.എഫ്.ഡി.സി.-യുടെ പേരിൽ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. പ്രസ്തുത പ്രോജക്ടിന് എം.എൽ.എ. ഫണ്ടിൽ നിന്നും 5 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഫിലിം സിറ്റിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) 3 ഏക്കർ 3 സെന്റ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.

മൂന്നാറിൽ ഫിലിം ആർക്കൈവ്സ്

219 (4554) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഫിലിം ആർക്കൈവ്സ് പൂർത്തിയാക്കാൻ എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ; ഇപ്പോൾ എത്ര തുക ചെലവായെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മൂന്നാറിൽ ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(ബി &സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly